(ഇ) കോഴിക്കോട്-മലപ്പുറം ജില്ലകളിലെ തൊഴിലാളികളുടെ ഏക ആശ്രയമായ ഈ ആശുപത്രി നവീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ബെഡ്ഷീറ്റ്, കിടക്ക, മെത്ത, ബെഡ്സൈഡ് ലോക്കർ, സ്റ്റൂൾ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ആനുൽ മെയ്ന്റനൻസ് കോൺട്രാക്റ്റ് നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഫറോക്ക് ആശുപത്രിയിലെ പ്രവർത്തന രഹിതമായ അൾട്രാസൗണ്ട് സ്കാൻ മെഷീൻ ആനുൽ മെയിന്റനൻസ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള ഏജൻസിയെക്കൊണ്ട് അടിയന്തിരമായി റിപ്പയർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ബെയ്ൻ സർക്യൂട്ട് എന്ന ഉപകരണം വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന് 1528 രൂപ വിലയുണ്ട്.

(ഇ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി നവീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ

33 [520] ശ്രീ. എ. സി. ഷണ്മുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നുവെന്നുള്ള വിവരം വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ക്ഷേമനിധി ബോർഡ് ഏതാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റവും കൂടുതൽ സംഖ്യ നിക്ഷേപമുള്ള ക്ഷേമനിധി ബോർഡ് ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) ബിൽഡിംഗ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ചേർന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ വെൽഫെയർ ബോർഡിലെ നിക്ഷേപ പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്.

(സി) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിബോർഡ്.

(ഡി) 2004 മാർച്ച് വരെ 10,76,445 പേർ അംഗത്വമെടുത്തിട്ടുണ്ട്.

(ഇ) നിക്ഷേപത്തിന് പരിധി നിശ്ചയിച്ചിട്ടില്ല.

തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

34 [521] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ലിസ്റ്റ്സഹിതം വ്യക്തമാക്കാമോ;

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ ക്ഷേമകരമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) തൊഴിലാളി ക്ഷേമത്തിനായി പുതിയ ക്ഷേമനിധി ബോർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിലാണ് അവ സ്ഥാപിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡും, ക്ഷേമപ്രവർത്തനങ്ങൾക്കും, ഭരണചെലവിനുമായി ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 12 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(ബി) വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

(സി) പുതിയ ക്ഷേമനിധി ബോർഡുകൾ സ്ഥാപിക്കുന്നത് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാൽ നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ കീഴിൽ അതുമായി ബന്ധപ്പെട്ട പുതിയ ക്ഷേമനിധി പദ്ധതികൾ നടപ്പിലാക്കുകയാണ് ചെയ്തുവരുന്നത്. ഇപ്രകാരം കേരള ലേബർ വെൽഫെയർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly